**File No.CEE/717/2022-TA4**

**കേരളസർക്കാർ**
**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**
**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, അഞ്ചാം നില,**
**ശാന്തി നഗർ, തിരുവനന്തപുരം- 695001**

**<u>വിജ്ഞാപനം</u>**

**<u>ബി.ഡി.എസ് കോഴ്സിലേയ്ക്കുള്ള പ്രവേശനം-2022</u>**
**<u>തൃശ്ശൂർ ഗവ.ദന്തൽ കോളേജിലെയും, സ്വാശ്രയ ദന്തൽ കോളേജുകളിലേയും</u>**
**<u>ഒഴിവുള്ള സീറ്റുകൾ നികത്തുന്നത് സംബന്ധിച്ച്</u>**

2022 വർഷം തൃശ്ശൂർ ഗവ.ദന്തൽ കോളേജിൽ ബി.ഡി.എസ് കോഴ്സിൽ രണ്ടാം റൗണ്ട് മോപ് അപ് അലോട്ട്മെന്റിന് ശേഷം നിലവിൽ വന്ന ഒരു ഒഴിവ് നികത്തുന്നതിനായുള്ള അലോട്ട്മെന്റ് ലിസ്റ്റ്, സാധ്യതാ ലിസ്റ്റ് എന്നിവ പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു . മോപ് അപ് അലോട്ട്മെന്റിനായി നിശ്ചിത സമയത്തിനുള്ളിൽ വിദ്യാർത്ഥികൾ രജിസ്റ്റർ ചെയ്ത ഓപ്ഷനുകൾ പരിഗണിച്ചാണ് അലോട്ട്മെന്റ് ലിസ്റ്റ്. സാധ്യതാ ലിസ്റ്റ് എന്നിവ തയ്യാറാക്കിയിട്ടുള്ളത്. അഖിലേന്ത്യാ കൗൺസിലിംഗിലൂടെയും സംസ്ഥാന ക്വാട്ടാ അലോട്ട്മെന്റിലൂടെയും നിലവിൽ MBBS/BDS കോഴ്സിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികളെയും സംസ്ഥാനക്വാട്ട അലോട്ട്മെന്റിലൂടെ എം.ബി.ബിഎസ്/ബി.ഡി.എസ് കോഴ്സിൽ മോപ് അപ്/സ്ട്രേ വേക്കൻസി അലോട്ട്മെന്റിലൂടെ അലോട്ട്മെന്റ് /അഡ്മിഷൻ നേടിയ വിദ്യാർത്ഥികളെയും ഒഴിവാക്കിയാണ് ലിസ്റ്റുകൾ തയ്യാറാക്കിയിട്ടുള്ളത്. അലോട്ട്മെന്റ് ലിസ്റ്റ്, സാധ്യതാ ലിസ്റ്റ് എന്നിവയിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾ പ്രവേശനം നേടാൻ താല്പര്യമുള്ള പക്ഷം പ്രോസ്പെക്ടസ് ക്ലോസ് 11.7.1 പ്രകാരമുള്ള രേഖകളും ഫീസും സഹിതം തൃശ്ശൂർ ഗവ.ദന്തൽ കോളേജിൽ 13.01.2023, ഉച്ചയ്ക്ക് 2.00 മണിക്ക് മുമ്പായി റിപ്പോർട്ട് ചെയ്യേണ്ടതാണ്. സ്ട്രേ വേക്കൻസി അലോട്ട്മെന്റിനായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**<u>സ്വാശ്രയ ദന്തൽ കോളേജുകളിലെ ഒഴിവുകൾ നികത്തുന്നത് സംബന്ധിച്ച്</u>**

2022 വർഷം കേരളത്തിലെ സ്വാശ്രയ ദന്തൽ കോളേജിലെ ബി .ഡി.എസ് കോഴ്സിൽ രണ്ടാം റൗണ്ട് മോപ് അപ് അലോട്ട്മെന്റിന് ശേഷം ഒഴിവുള്ള സീറ്റുകൾ അതത് കോളേജുകൾ മുഖേന നികത്താവുന്നതാണ്. സ്വാശ്രയ ദന്തൽ കോളേജുകളിലെ ഒഴിവുള്ള സീറ്റുകളിൽ പരിഗണിക്കുന്നതിനായി രണ്ടാം റൗണ്ട് മോപ് അപ്

അലോട്ട്മെന്റിലൂടെ രജിസ്റ്റർ ചെയ്ത ഓപ്ഷനുകൾ നിലവിൽ ഇല്ലാത്തതിനാൽ പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ച മെഡിക്കൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടതും, അഖിലേന്ത്യാ കൗൺസിലിംഗിലൂടെയോ സംസ്ഥാന ക്വാട്ട അലോട്ട്മെന്റിലൂടെയോ നിലവിൽ എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സിൽ പ്രവേശനം നേടാത്തതും അഖിലേന്ത്യാ ക്വാട്ട/ സംസ്ഥാന ക്വാട്ട മോപ് അപ് അലോട്ട്മെന്റ്/ സ്ട്രേ വേക്കൻസി അലോട്ട്മെന്റിലൂടെ MBBS/BDS കോഴ്സിൽ അലോട്ട്മെന്റ്/ അഡ്മിഷൻ നേടാത്തതുമായ വിദ്യാർത്ഥികൾക്ക് ഒഴിവുള്ള കോളേജുകളുമായി ബന്ധപ്പെട്ട് 13.01.2023 വൈകിട്ട് 4.00 മണിക്ക് മുമ്പായി പ്രവേശനം ഉറപ്പാക്കാവുന്നതാണ്. ഒഴിവുള്ള സീറ്റുകളിൽ യോഗ്യരായ വിദ്യാർത്ഥികളെ പരിഗണിക്കുന്നതിന് പ്രവേശന പരീക്ഷാ കമ്മീഷണർ സ്ട്രേ വേക്കൻസി അലോട്ട്മെന്റിനായി പ്രസിദ്ധീകരിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ ബാധകമായിരിക്കും.

**ഹെൽപ് ലൈൻ നമ്പർ : 04712525300**

Signature Not Verified
Digitally signed by INBASEKAR K IAS
Date: 2023.01.09 19:05:11 IST
Reason: Approved

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
**09/01/2023**